**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1576** **19-06-2024 - ൽ മറുപടിയ്ക്ക്**

**റവന്യൂ ടവർ, മിനി സിവിൽ സ്റ്റേഷനുകളുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | 2016-2017-ലെ പുതുക്കിയ ബഡ്ജറ്റിൽ പ്രഖ്യാപിച്ച റവന്യൂ ടവറുകൾ, മിനി സിവിൽ സ്റ്റേഷനുകൾ ഏതൊക്കെയെന്നും അതിനായി എത്ര തുക വകയിരുത്തിയിരുന്നുവെന്നും വ്യക്തമാക്കാമോ; | (എ) | 2016-17 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിലും മറുപടി പ്രസംഗത്തിലും കിഫ്ബി ധനസഹായത്തോടുകൂടി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച റവന്യൂ ടവറുകൾ/മിനി സിവിൽ സ്റ്റേഷനുകൾ സംബന്ധിച്ച വിവരവും അതിനായി വകയിരുത്തിയ തുക സംബന്ധിച്ച വിശദാംശങ്ങളും ചുവടെ ചേർക്കുന്നു.<br><br><u>ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച റവന്യൂ ടവറുകൾ</u><br><br>1. കടകംപള്ളി, 2. നെടുമങ്ങാട്, 3. കൊല്ലം, 4. പന്തളം, 5. കൊട്ടാരക്കര (രണ്ടാം ഘട്ടം), 6. തിരുവല്ല, 7. ചങ്ങനാശ്ശേരി, 8. തൊടുപുഴ, 9. പീരുമേട്, 10. എറണാകുളം, 11. കോതമംഗലം, 12. സുൽത്താൻ ബത്തേരി, 13. ചാലക്കുടി, 14. മട്ടന്നൂർ, 15. ആലപ്പുഴ ആർ.ഡി.ഒ കോംപ്ലക്സ്, 16. മുളന്തുരുത്തി, 17. പുനലൂർ വിദ്യാഭ്യാസ കോംപ്ലക്സ്.<br><br><u>മറുപടി പ്രസംഗത്തിൽ പ്രഖ്യാപിച്ച റവന്യൂ ടവറുകൾ/ മിനി സിവിൽ സ്റ്റേഷനുകൾ</u><br><br>1. അടിമാലി, 2. പട്ടാമ്പി, 3, നിലമ്പൂർ, 4. വടകര, 5. ചടയമംഗലം മിനി സിവിൽ സ്റ്റേഷൻ, 6. മതിലകം മിനി സിവിൽ സ്റ്റേഷൻ, 7. പത്തനാപുരം മിനി സിവിൽ സ്റ്റേഷൻ, 8. വെള്ളരിക്കുണ്ട് മിനി സിവിൽ സ്റ്റേഷൻ.<br><br>ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച 17 റവന്യൂ ടവറുകൾക്കായി 250 കോടി രൂപയും, മറുപടി പ്രസംഗത്തിൽ പ്രഖ്യാപിച്ച8 റവന്യൂ ടവർ/മിനി സിവിൽ സ്റ്റേഷൻ പദ്ധതികൾക്കായി (10 കോടി രൂപ വീതം) 80 കോടി രൂപയും ഉൾപ്പെടെ 330 കോടി രൂപയുടെ പദ്ധതി അടങ്കലിന് ഭരണാനുമതി നല്കി ഉത്തരവായിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഇതിൽ നിർമ്മാണം ആരംഭിച്ചത്, പുരോഗമിക്കുന്നത്, പൂർത്തീകരിച്ചത് എന്നീ ഘട്ടങ്ങളിലുള്ള റവന്യൂ ടവർ, മിനി സിവിൽ സ്റ്റേഷനുകൾ എന്നിവയുടെ വിശദാംശം നൽകുമോ; | (ബി) | കിഫ്ബി ധനസഹായത്തോട്ടുകൂടി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച റവന്യൂ ടവറുകൾ/മിനി സിവിൽ സ്റ്റേഷനുകളിൽ മട്ടന്നൂർ റവന്യൂ ടവറിന്റെയും (MEP ജോലികളുടെ testing & commissioning ഒഴികെ) വെള്ളരിക്കുണ്ട് മിനി സിവിൽ സ്റ്റേഷന്റെയും നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. പട്ടാമ്പി, വടകര എന്നീ റവന്യൂ ടവർ പദ്ധതികൾക്കും ചടയമംഗലം മിനി സിവിൽ സ്റ്റേഷൻ പദ്ധതിക്കും KIIFBയുടെ സാമ്പത്തിക അനുമതി ലഭ്യമായിട്ടുള്ളതും ആയതിന്റെ നിർമ്മാണ പ്രവൃത്തികൾ ഉടൻ തന്നെ ആരംഭിക്കുന്നതുമാണ്. നിർമ്മാണം പുരോഗമിക്കുന്ന പദ്ധതികൾ ഒന്നും തന്നെ നിലവിലില്ല.<br><br>പ്രസ്തുത പദ്ധതികളിലുൾപ്പെട്ട കടകംപള്ളി റവന്യൂ ടവർ, നെടുമങ്ങാട് റവന്യൂ ടവർ, പുനലൂർ വിദ്യാഭ്യാസ കോംപ്ലക്സ് എന്നീ പദ്ധതികൾ അവയുടെ പദ്ധതിച്ചെലവ് 10 കോടി രൂപയ്ക്ക് താഴെയാകയാൽ അവ കിഫ്ബി പദ്ധതിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതാണ്. |
| (സി) | സംസ്ഥാന ഭവനനിർമ്മാണ ബോർഡ് വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ളതും കിഫ്ബിയുടെ പരിഗണനയിലുള്ളതുമായ റവന്യൂ ടവർ, മിനി സിവിൽ സ്റ്റേഷനുകൾ ഏതൊക്കെയെന്ന് വിശദമാക്കാമോ; | (സി) | ചാലക്കുടി, മുളന്തുരുത്തി, നിലമ്പൂർ എന്നീ റവന്യൂ ടവർ പദ്ധതികളുടെയും, പത്തനാപുരം മിനി സിവിൽ സ്റ്റേഷൻ പദ്ധതിയുടെയും വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി കിഫ്ബിയുടെ PFMS പോർട്ടൽ മുഖേന ഭവന നിർമ്മാണ ബോർഡ് (എസ്.പി.വി) കിഫ്ബിക്ക് സമർപ്പിച്ചിട്ടുള്ളതും ആയത് നിലവിൽ കിഫ്ബിയുടെ പരിഗണനയിലുമാണ്. |
| (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതൊക്കെ റവന്യൂ ടവർ, മിനി സിവിൽ സ്റ്റേഷനുകൾക്ക് കിഫ്ബിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; | (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടാമ്പി റവന്യൂ ടവർ, വടകര റവന്യൂ ടവർ, ചടയമംഗലം മിനി സിവിൽ സ്റ്റേഷൻ എന്നിവയ്ക്കാണ് കിഫ്ബിയുടെ അംഗീകാരം ലഭിച്ചിട്ടുള്ളത്. |
| (ഇ) | ചാലക്കുടിയിൽ റവന്യൂ ടവർ നിർമ്മിക്കുന്നതിനുള്ള നടപടികൾ നിലവിൽ ഏതു ഘട്ടത്തിലാണെന്ന് വിശദീകരിക്കുമോ? | (ഇ) | 10/11/2023 തീയതിയിലെ സ.ഉ.(സാധാ)നം. 4047/2023/റവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ചാലക്കുടി റവന്യൂ ടവർ പദ്ധതി നടപ്പിലാക്കുന്നതിന് 24.63 കോടി രൂപയുടെ ഭരണാനുമതി നല്കിയിട്ടുള്ളതും വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി കിഫ്ബിയുടെ PFMS പോർട്ടൽ മുഖേന ഭവന നിർമ്മാണ ബോർഡ് (എസ്.പി.വി) കിഫ്ബിക്ക് സമർപ്പിച്ചിട്ടുള്ളതും ആയത് നിലവിൽ കിഫ്ബിയുടെ പരിഗണനയിലുമാണ്. കിഫ്ബി അനുമതി നൽകിയാൽ മാത്രമേ തുടർ നടപടികൾ ആരംഭിക്കാനാകൂ. |

സെക്ഷൻ ഓഫീസർ